LIBRARY ARCHIVES Kerala Legislative Assembly

ഹോമിയോ ഡിസ്പെൻസറികൾ

128 (4414) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് പുതിയത് അനുവദിക്കുമ്പോൾ മുൻഗണന നൽകുമോ;

(സി) കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂർ പഞ്ചായത്തിൽ പുതിയ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൂടുതൽ ഹോമിയോ മെഡിക്കൽ കോളേജുകൾ

129 (4415) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹോമിയോ മെഡിക്കൽ കോളേജുകളാണുള്ളത്, എവിടങ്ങളിലൊക്കെ;

(ബി) ഹോമിയോ ചികിത്സ സംസ്ഥാനത്ത് കൂടുതൽ പ്രചാരം സിദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ ഹോമിയോ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ കോളേജുകൾ രണ്ടെണ്ണവും എയ്ഡഡ് കോളേജുകൾ മൂന്ന് എണ്ണവും ഉണ്ട്. സർക്കാർ കോളേജുകൾ തിരുവനന്തപുരത്തും കോഴിക്കോട്ടും, എയ്ഡഡ് കോളേജുകൾ തിരുവനന്തപുരം, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലുമാണ് ഉള്ളത്.

(ബി) സംസ്ഥാനത്ത് സർക്കാരിന്റെ മേഖലയിൽ രണ്ടും എയ്ഡഡ് മേഖലയിൽ മൂന്നും ഹോമിയോ മെഡിക്കൽ കോളേജുകൾ ഉള്ളതിനാൽ നിലവിൽ പുതിയ ഹോമിയോ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.